കേരള സർക്കാർ

നമ്പർ. 32859/ആർ.ഡി.3/2011/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി 04/08/2011

# സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ചികിത്സാർത്ഥം ആശുപത്രിയിലേക്ക് പോകുന്നതിനിടയിലുള്ള മരണം – രജിസ്ട്രേഷൻ സ്പഷ്ടീകരണം സംബന്ധിച്ച്.

സൂചന:- (1) സർക്കാർ ഉത്തരവ് (സാ) നം.615/09/തസ്വഭവ തീയതി 11/03/2009
(2) പഞ്ചായത്ത് ഡയറക്ടറുടെ 24/06/2011-ലെ ബി1-20741/09 നമ്പർ കത്ത്.

1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ, ചട്ടം 6 (1) പ്രകാരം സഞ്ചരിക്കുന്ന വാഹനങ്ങളിൽ വച്ചു സംഭവിക്കുന്ന ജനനവും മരണവും പ്രസ്തുത ജനനം/മരണം സംഭവിച്ചശേഷം വാഹനം ആദ്യം നിർത്തുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ വാഹനത്തിന്റെ ചുമതലക്കാരൻ റിപ്പോർട്ട് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. യാത്രയ്ക്കിടയിൽ അസുഖബാധിതരാവുകയും ചികിത്സാർത്ഥം ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ വാഹനത്തിൽ വച്ച് മരണം സംഭവിക്കുകയും ചെയ്യുന്ന കേസുകളിൽ മരണം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച സംഭവിക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഇപ്രകാരമുള്ള മരണം സ്ഥിരീകരിക്കുന്ന ഡോക്ടർമാരെ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്, സെക്ഷൻ 10 (1) പ്രകാരം അറിയിപ്പു നൽകുന്നതിന് ചുമതലപ്പെടുത്തി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. യാത്രയ്ക്കിടെ അസുഖബാധിതരാവുകയും, ആശുപത്രിയിലേക്കുള്ള യാത്രയ്ക്കിടയിൽ മരണം സംഭവിക്കുന്നതിനാൽ സ്വദേശത്തേയ്ക്ക് കൊണ്ടുപോകുകയും ചെയ്യുന്ന കേസുകളിൽ രജിസ്ട്രേഷൻ നടത്തുന്നതിനും, സർട്ടിഫിക്കറ്റ് വാങ്ങുന്നതിനും സാധിക്കാതെ വരുന്നതുമൂലം പരാതികൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകളിൽ വാഹനത്തിൽ വച്ച് മരണം സംഭവിക്കുന്നതിനാൽ മരണം സംഭവിക്കപ്പെടുന്ന പഞ്ചായത്തിലോ മാർഗ്ഗ മദ്ധ്യേയുള്ള മറ്റേതെങ്കിലും രജിസ്ട്രേഷൻ യൂണിറ്റിലോ രജിസ്ട്രേഷൻ നടത്താനും വ്യവസ്ഥയില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ, ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ വിശദമാക്കിക്കൊണ്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

(1) യാത്രയ്ക്കിടയിൽ മരണം സംഭവിക്കുകയും ആശുപത്രിയിൽ എത്താതെ സ്വദേശത്തേയ്ക്ക് കൊണ്ടുപോകുകയും ചെയ്യുന്ന കേസ്സുകളിൽ 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ, ചട്ടം 6 (1) പ്രകാരം, മരണശേഷം വാഹനം നിർത്തപ്പെടുന്ന താമസസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ ബന്ധപ്പെട്ടവർ ഫാറം 2-ലുള്ള മരണ റിപ്പോർട്ട് നൽകേണ്ടതും, വാഹനത്തിൽ വച്ച് മരണം സംഭവിച്ചതാണെന്നും വാഹനം നിർത്തിയത് ഏതു സ്ഥലത്താണെന്നും വിശദമാക്കുന്ന സത്യവാങ്മൂലം നൽകേണ്ടതുമാണ്.

(2) ഇത്തരം കേസുകളിൽ മരണ സ്ഥലം "....................-ൽ നിന്ന് .........ലേക്കുള്ള യാത്രക്കിടയിൽ വാഹനത്തിൽ വച്ച്" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

(3) യാത്രക്കിടയിൽ നടന്ന മരണം യഥാസമയം രജിസ്റ്റർ ചെയ്യാൻ സാധിക്കാതെ പോയ കേസുകളിൽ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്, സെക്ഷൻ 13-ലെയും 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 9-ലെയും വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട അധികാരിയുടെ അനുമതിയോടെ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
(എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും പഞ്ചായത്ത് ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ,കെ,എം,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ്യ്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ്യ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# സത്യപ്രസ്താവന

----/----/----/ ------ാംമാണ്ട് ------ മാസം ------തീയതി ----------------------ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ജനന മരണ രജിസ്ട്രാർ മുമ്പാകെ -------- സംസ്ഥാനത്ത് ------------ജില്ലയിൽ ------------ താലൂക്കിൽ ------------വില്ലേജിൽ ------------ വീട്ടിൽ ------------വയസ്സുള്ള------------നൽകുന്ന സത്യപ്രസ്താവന.

----------സ്ഥലത്ത് നിന്ന് ------------- സ്ഥലത്തേയ്ക്കുള്ള യാത്രാമദ്ധ്യേ അസുഖബാധിതനായതിനെതുടർന്ന് എന്റെ ------------ ആയ ------------- എന്നയാളെ -------- ആശുപത്രിയിലേക്കു കൊണ്ടുപോകുന്ന മാർഗ്ഗമദ്ധ്യേ വാഹനത്തിൽ വച്ച് മരണപ്പെട്ടിട്ടുള്ളതാണെന്നും, ആയതിനാൽ ടിയാന്റെ മൃതശരീരം ആശുപത്രിയിൽ പ്രവേശിപ്പിക്കാതെ താമസസ്ഥലമായ -------- സംസ്ഥാനത്തെ ---------- ജില്ലയിലെ ---------- താലൂക്കിലെ---------- വില്ലേജിലെ ----------ലേയ്ക്ക് കൊണ്ടുപോയെന്നും, മരണം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലായെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും ഉത്തമവിശ്വാസത്തിലും പെട്ടിടത്തോളം പൂർണമായും ശരിയും സത്യവുമാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

ഒപ്പ്:

പേര്:

മേൽവിലാസം:

തീയതി: